# കുടുംബശ്രീ മലപ്പുറം

## എം.എഫ് ബെസ്റ്റ് പ്രാക്റ്റീസ് – പെരുമ്പടപ്പ് സി.ഡി.എസ്

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് സി.ഡി.എസിലെ ചെറുവല്ലൂർ വാർഡിലെ മർവ്വ എന്ന അയൽക്കൂട്ടം 2013 ൽ ആണ രൂപീകരിച്ചത്. 11 പേർ അടങ്ങുന്ന അയൽക്കൂട്ടത്തിന്റെ സെക്രട്ടറി സുഹറയും പ്രസിഡന്റ് കുൽസുവു ആണ്. തുടക്കത്തിൽ ഒരാളുടെ ത്രിഫ്റ്റ് 20 രൂപയായിരുന്നു. ഇന്ന് ഒരു വ്യക്തി ആഴ്ചയിൽ 30 രൂപ വെച്ച് അടക്കുന്നു. ഇവരെ ആകെ ത്രിഫ്റ്റ് 88,440 രൂപയാണ്. 2015 ൽ 500,000 രൂപ ലിങ്കേജ് വായ്പ എടുത്ത് സ്ത്രീകൾക്ക് മാത്രമായി ഡ്രീം സോൺ എന്ന പേരിൽ ഒരു ഫാഷൻ ഡിസൈനിംഗ് സെന്റർ ആരംഭിച്ചു. 10,00,000 രൂപ ആയിരുന്നു ഉദ്ദേശിച്ചിരുന്ന മുടക്കു മുതൽ 5,00,000 വ്യക്തിഗത ലേൺ ലഭിച്ചിരുന്നു. ബാക്കി 5,00,000 രൂപ കുടുംബശ്രീയുടെ ലിങ്കേജ് ലോൺ ആയി ലഭിച്ചു. പ്രാരംഭ മുടക്കു മുതലിൽ 8,00,000 രൂപ ചിലവു വന്നു. തുടക്കത്തിൽ ഒരു വർഷ കലാവധിയുള്ള കോഴ്സുകൾ ഉണ്ടായിരുന്നു. അഡ്വാൻസ് ഇനത്തിൽ 150,000 രൂപ കെട്ടിടത്തിനു നൽകി. 7,500 രൂപ മാസവാടക നൽകുന്നു. 12-ഓളം യന്ത്രസാമഗ്രികൾ, പ്രചരണത്തിനും മറ്റുമായി മറ്റു ചിലവുകൾ വെറെയും 6 സ്ത്രീകൾക്ക് ജോലി കൊടുക്കാനും 700-ഓളം സ്ത്രീകൾക്കു പരിശീലനം നൽകാനും ഡ്രീംസോൺ-നു സാധിച്ചു. അവിടെ നിന്നും പഠിയിറങ്ങിയ സ്ത്രീകൾ സ്വന്തമായി ചെറുകിട സംരംഭങ്ങൾ തുടങ്ങുകയും ചെയ്തു. തീരദേശ മേഖലയിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് കൊടുക്കുകയും അനുയോജ്യരായവർക്ക് സൗജന്യ പരിശീലനവും നൽകുന്നു.

ഇപ്പോൾ 60 കുട്ടികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ട്. ഒരു ബാച്ചിൽ പരമാവധി 20 കുട്ടികൾ ഉണ്ട്. രാവിലെ 9 മണി തൊട്ട് വൈകീട്ട് 5 വരെ പല ബാച്ചുകളിലായാണ് പരിശീനം നൽകുന്നത്. അവിടെ പഠിച്ചിറങ്ങിയ സ്ത്രീകളിൽ ചിലർ അവിടെ സ്റ്റാഫ് ആയും പ്രവർത്തിച്ചും വരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് ബി.എസ്.എസ് സർട്ടിഫിക്കറ്റും മറ്റു കോഴ്സുകൾക്ക് സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും ആണ് നൽകുന്നത്. നിലവിൽ നടത്തുന്ന കോഴ്സുകളും ഫീസ് ഘടനയും താഴെ പറയും പ്രകാരം ആണ്.

| Sl.No | Course | Fees | Duration |
|---|---|---|---|
| 1 | CTTC (Computer Teachers Training Course) | 10000 | 1 yr |
| 2 | MLT (Medical Lab Technician) | 12500 | 2 yr |
| 3 | NTTC (Nursery Teachers Training Course) | 15000 | 2 yr |
| 4 | Diploma in Fashion Designing | 15000 | 1 yr |
| 5 | Monitoring TTC | 35000 | 1 yr |
| 6 | Fasion Designing | 6000 | 6 months |
| 7 | Fasion Designing | 4000 | 3 months |
| 8 | Fasion Designing | 2000 | 2 months |
| 9 | Accounting, Tally, Peachtree | 5000 | 6 months |
| 10 | DCA (Diploma in Computer Application | 6000 | 6 months |

മാസം 35,000 രൂപ ഡ്രീം സോണിനു ലാഭം കിട്ടുന്നുണ്ട്. 5,00,000 ലോൺ എടുത്തതിൽ ഇനി 3,50,000 രൂപ തിരികെ അടക്കാനുണ്ട്. ലിങ്കേജ് വായ്പ എടുത്തതിനു പ്രോത്സാഹനമായി മാച്ചിംഗ് ഗ്രാന്റും ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സി.ഡി.എസ് വാർഷികത്തിനു മികച്ച അയൽക്കൂട്ടത്തിനുള്ള അവാർഡും മർവ്വ അയൽക്കൂട്ടം കരസ്ഥമാക്കി. സമൂഹത്തിൽ സ്ത്രീകൾക്കു മാത്രം ഇത്തരം പ്രസ്ഥാനങ്ങൾ തുടങ്ങാനും നടത്തികൊണ്ട് പോകാനും സാധിക്കുമോ എന്നതായിരുന്നു ആദ്യ ചോദ്യങ്ങൾ. എന്നാൽ സമൂഹം ഒരുപാട് മാറിയിട്ടുണ്ടെന്നും കുടുംബശ്രീയാണ് അതിൽ പ്രധാന പങ്ക് വഹിച്ചതെന്നും സുഹറ പറയുന്നു.

മലപ്പുറം,

06/06/2018. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ.